ജില്ലാ കളക്ടർമാർ ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് അവകാശികൾക്ക് വിതരണം ചെയ്യുകയും ചെയ്യാറുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 2,40,12,010 രൂപ വിതരണം ചെയ്യുന്നതിനായി ടി.എസ്.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്ക് ലഭ്യമായിട്ടില്ല.

(സി) 5-4-1986-ലെ G.O. (M.s.) 68/86/Home ഉത്തരവ് പ്രകാരം അവകാശ സർട്ടിഫിക്കറ്റ്, 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ ശമ്പള സർട്ടിഫിക്കറ്റ്, ഇൻഡെംനിറ്റി ബോണ്ട്, പണം കൈപ്പറ്റുന്ന അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയിൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഹാജരാക്കേണ്ടതുണ്ട്. അവകാശികൾ മേൽപ്പടി രേഖകൾ ഹാജരാക്കാൻ ഉണ്ടാകുന്ന കാലതാമസംകൊണ്ടാണ് തുക വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നത്.

(ഡി) അവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

ഭൂനികുതി പരിഷ്ക്കരണം

7 (*387) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പുവർഷം ഭൂനികുതി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഭൂനികുതി പരിഷ്ക്കരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഭൂനികുതി പരിഷ്കരിക്കുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം ആരായുന്നുണ്ടോ ;

(ഡി) പ്രസ്തുത നികുതി നിർണ്ണയത്തിന് ഭൂമിയുടെ പരിധി വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി-ഡി) (എ) വിഭാഗം ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly